ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# REGIONAL BULLETIN

**DATE: 14.03.2025** **TIME : 12.30 PM**

## പ്രധാന വാർത്തകൾ

1) മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിച്ച് മാത്രമേ കടൽ മണൽ ഖനനം നടപ്പാക്കൂ എന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.

2) കേരളത്തിലെ എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ആക്കുമെന്ന് മന്ത്രി കെ രാജൻ.

3) ക്ഷീര വികസന വകുപ്പിന്റെ ഫോക്കസ് ബ്ലോക്ക് സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജെ. ചിഞ്ചുറാണി ഇന്ന് തൊടുപുഴയിൽ നിർവ്വഹിക്കുന്നു.

4) സംസ്ഥാനത്ത് വിദ്യാഭ്യാസരംഗം പുതിയ വിജ്ഞാന സാധ്യതകൾക്കനുസരിച്ച് നവീകരിച്ചു കൊണ്ടിരിക്കുകയാണെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി.

5) മീനമാസ പൂജയ്ക്കായി ശബരിമല ക്ഷേത്രനട ഇന്ന് തുറക്കും. സന്നിധാനത്തെ മേൽപ്പാലം ഒഴിവാക്കിയുള്ള പുതിയ ദർശന രീതിയുടെ ട്രയൽ റണ്ണും ഇന്ന്.

6) വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ നാളെ മുംബൈ ഇന്ത്യൻസ്- ഡൽഹി ക്യാപിറ്റൽസ് പോരാട്ടം.

*************************************************

## ജോർജ് കുര്യൻ (ഇൻട്രോ)

വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും കേരളം മുന്നിലാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. കോഴിക്കോട് കോർപ്പറേഷനിലെ ചേവരമ്പലം ഹെൽത്ത് ആന്റ് വെൽനസ് സെൻററിൻറെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയെ വികസിത രാഷ്ട്രമാക്കാനാണ് പ്രധാനമന്ത്രി ലക്ഷ്യമിടുന്നതെന്നും യോഗാ ദിനം ലോകം ഏറ്റെടുത്തതായും കേന്ദ്രസഹമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്........)

മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിച്ച് മാത്രമേ കടൽ മണൽ ഖനനം നടപ്പാക്കൂ എന്നും കേന്ദ്ര സഹമന്ത്രി കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. വിഷയത്തിൽ മത്സ്യ തൊഴിലാളികളുമായി ചർച്ച നടത്തുമെന്നും പഠനം നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

*************************************************

## മന്ത്രി കെ രാജൻ

കേരളത്തിലെ എല്ലാ വില്ലേജു ഓഫീസുകളും സ്മാർട്ട് വില്ലേജ് ആക്കുമെന്ന് മന്ത്രി കെ രാജൻ . കണ്ണൂർ ചിറക്കൽ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി. റവന്യു വകുപ്പിൻ്റെ സേവനങ്ങൾ മുഴുവൻ ഓൺ ലൈൻ ആക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കേരള പിറവി ദിനത്തിൽ റവന്യൂ കാർഡ് പുറത്തിറക്കാനുള്ള ശ്രമത്തിലാണ് വകുപ്പെന്നും മന്ത്രി പറഞ്ഞു.

*************************************************

## വയനാട്- ലിസ്റ്റ്

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്ത പുനരധിവാസ പദ്ധതിക്കായി തയ്യാറാക്കിയ രണ്ടാംഘട്ട - എ ലിസ്റ്റിൽ ആറുപേർ കൂടി ഉൾപ്പെട്ടു. 10, 11, 12 വാർഡുകളിലാണ് ആക്ഷേപങ്ങളുടെ

അടിസ്ഥാനത്തിൽ രണ്ടുപേർ വീതം പുതുതായി ഉൾപ്പെട്ടത്. മൂന്ന് വാർഡുകളിലും ആയി 87 പേരാണ് രണ്ടാം ഘട്ട എ ലിസ്റ്റിൽ ഉൾപ്പെട്ടത്. അതേസമയം മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്ത ബാധിത ഗുണഭോക്താക്കളെ തിരിച്ചറിയാനും സർക്കാർ നൽകുന്ന വിവിധ സഹായങ്ങൾ ട്രാക്ക് ചെയ്യാനുള്ള സ്മാർട്ട് കാർഡ് റവന്യൂ മന്ത്രി കെ. രാജൻ ദുരിതബാധിതർക്ക് ഇന്നലെ വിതരണം ചെയ്തു.

*************************************

## ഫോക്കസ് ബ്ലോക്ക് ഉദ്ഘാടനം

ക്ഷീര വികസന വകുപ്പിൻറെ ഫോക്കസ് ബ്ലോക്ക് സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജെ ചിഞ്ചു റാണി തൊടുപുഴയിൽ നിർവഹിക്കുന്നു. ക്ഷീരവികസന വകുപ്പ് , ക്ഷീരകർഷക ക്ഷേമനിധി ബോർഡ് എന്നിവയുടെ വിവിധ അവാർഡുകളുടെ വിതരണോദ്ഘാടനവും മന്ത്രി നിർവ്വഹിക്കും. ജലവിഭവവകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ അധ്യക്ഷത വഹിക്കും. ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ മികച്ച ക്ഷീകർഷകനുളള അവാർഡും ക്ഷീരസാന്ത്വനം അവാർഡുകളും വിതരണം ചെയ്യും.

*************************************

## മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

സംസ്ഥാനത്ത് വിദ്യാഭ്യാസരംഗം പുതിയ വിജ്ഞാന സാധ്യതകൾക്കനുസരിച്ച് നവീകരിച്ചുകൊണ്ടിരിക്കുകയാണെന്നും സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി അതിന് കൂടുതൽ കരുത്തേകുമെന്നും മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. സ്കൂൾ വിദ്യാഭ്യാസ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ പ്രഖ്യാപനവും കണ്ണൂർ ജില്ലാ തല സമിതി ഉദ്ഘാടനവും കണ്ണൂരിൽ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുക എന്ന ഉത്തരവാദിത്വം തദ്ദേശസ്ഥാപനങ്ങൾ ഗൗരവപൂർവം ഏറ്റെടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

*******************************************

## ജൈവ വിഭവങ്ങൾ - കോഴിക്കോട്(ഇൻട്രോ)

കൃത്യമായ പരിശോധനകളിലൂടെയും ശാസ്ത്രീയ കണ്ടെത്തലുകളിലൂടെയും ജില്ലയുടെ ഔദ്യോഗിക ജൈവ വിഭവങ്ങൾ പ്രഖ്യാപിക്കാനൊരുങ്ങി കോഴിക്കോട് ജില്ലാ പഞ്ചായത്ത്. ജില്ലയുടേതായ ഔദ്യോഗിക ജീവി, ജലജീവി, പക്ഷി, ചിത്രശലഭം, പുഷ്പം, വൃക്ഷം എന്നിങ്ങനെ ആറ് വിഭാഗങ്ങളിലായാണ് പ്രഖ്യാപനം നടത്താൻ ഒരുങ്ങുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.......**

**(വോയ്സ്)**

*******************************************

## എ കെ ശശീന്ദ്രൻ

വന്യ മൃഗങ്ങളെ കൊല്ലാമെന്നുള്ള കോഴിക്കോട് ചക്കിട്ടപാറ പഞ്ചായത്ത് പാസാക്കിയ പ്രമേയം അംഗീകരിക്കില്ലെന്ന് വനംമന്ത്രി എ കെ ശശീന്ദ്രൻ. വന്യമൃഗങ്ങളെ വെടിവച്ച് കൊല്ലാൻ പഞ്ചായത്ത് പ്രമേയം പാസാക്കിയത് ശരിയല്ല. കേന്ദ്ര-സംസ്ഥാന നിയമങ്ങൾ അനുസരിക്കാനെ ഭരണസമിതിക്ക് കഴിയൂവെന്നും മന്ത്രി പറഞ്ഞു.

*******************************************

## കോട്ടയം രാജ്യാന്തര ചലച്ചിത്ര മേള

കോട്ടയം രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരിതെളിയും. സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ സഹകരണത്തോടെ കോട്ടയം ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിലാണ് രാജ്യാന്തര ചലച്ചിത്ര മേള നടക്കുന്നത്. വൈകുന്നേരം തിരുവഞ്ചൂർ രാധാകൃഷ്ണൻ എം എൽ എ മേള ഉദ്ഘാടനം ചെയ്യും. ഓസ്കറിൽ അഞ്ച് അവാർഡുകൾ നേടിയ "അനോറ" ആണ് ഉദ്ഘാടന ചിത്രം.

******************************************

<u>ബ്രേക്ക്</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും...

******************************************

<u>കെ കെ കൊച്ചു -സംസ്കാരം</u>

ഇന്നലെ അന്തരിച്ച ചിന്തകനും എഴുത്തുകാരനുമായ കെ കെ കൊച്ചിന്റെ സംസ്കാരം ഇന്ന് ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ഔദ്യോഗിക ബഹുമതികളോടെ വീട്ടുവളപ്പിൽ നടക്കും. കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ ഇന്നലെയായിരുന്നു ദളിത് അവകാശങ്ങൾക്കു വേണ്ടി പോരാടിയ കെ കെ കൊച്ചിന്റെ മരണം. 2020ൽ കേരള സാഹിത്യ അക്കാദമിയുടെ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരം അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

******************************************

<u>ശബരിമല (ഇൻട്രോ)</u>

മീനമാസ പൂജയ്ക്കായി ഇന്നു വൈകുന്നേരം അഞ്ചിനു ശബരിമല ക്ഷേത്രനട തുറക്കും. സന്നിധാനതെ മേൽപ്പാലം ഒഴിവാക്കിയുള്ള പുതിയ ദർശന രീതിയുടെ ട്രയൽ റൺ ഇന്നു നടക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ........**

(വോയ്സ്)

******************************************

<u>താപനില</u>

സംസ്ഥാനത്ത് ഉയർന്ന താപനില റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത പ്രതികരണ സേന. ഉയർന്ന അൾട്രാവയലറ്റ് വികിരണം മൂലം ത്വക്ക് രോഗങ്ങളും നേത്രരോഗങ്ങളും ഉണ്ടാകാമെന്നും സുരക്ഷാ

മുൻകരുതലുകൾ സ്വീകരിക്കണമെന്നും നിർദേശമുണ്ട്. പകൽ 11 മണി മുതൽ വൈകുന്നേരം മൂന്നു വരെയുള്ള സമയത്ത് ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക. കഴിഞ്ഞ 24 മണിക്കൂറിൽ ഇടുക്കി, പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിൽ 11 എന്ന സൂചികയിലാണ് അൾട്രാവയലറ്റ് വികിരണ തോത് രേഖപ്പെടുത്തിയത്.

****************************************

## കൊച്ചി- കഞ്ചാവ്

എറണാകുളം കളമശ്ശേരി ഗവൺമെൻറ് പോളിടെക്നിലെ ആൺകുട്ടികളുടെ ഹോസ്റ്റലിൽ ഇന്നലെ രാത്രി പോലീസ് നടത്തിയ റെയ്ഡിൽ രണ്ട് കിലോയോളം കഞ്ചാവ് പിടിച്ചെടുത്തു. ഹോസ്റ്റലിൽ ഇന്നലെ രാത്രി തുടങ്ങിയ പരിശോധന പുലർച്ചെ വരെ നീണ്ടു. സംഭവവുമായി ബന്ധപ്പെട്ട് രണ്ട് കേസുകളിലായി അറസ്റ്റിലായ മൂന്ന് വിദ്യാർഥികളിൽ ഒരു വിദ്യാർത്ഥിയെ പോലീസ് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചു. വില്പനയ്ക്കായി എത്തിച്ച കഞ്ചാവാണ് പിടികൂടിയത് എന്നാണ് നിഗമനം.

****************************************

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, നാളെ നടക്കുന്ന ഫൈനലിൽ മുംബൈ ഇന്ത്യൻസ്- ഡൽഹി ക്യാപിറ്റൽസിനെ നേരിടും. എട്ട് മണിക്ക് മുംബൈയിലാണ് മത്സരം. ഇന്നലെ നടന്ന എലിമിനേറ്റർ മത്സരത്തിൽ മുംബൈ , ഗുജറാത്തിനെ 47 റൺസിന് പരാജയപ്പെടുത്തി, ഫൈനൽ പ്രവേശനം നേടിയിരുന്നു.

****************************************

## കെ രാധാകൃഷ്ണൻ എം പി

കരുവന്നൂർ കള്ളപ്പണ ഇടപാട് കേസിൽ ചോദ്യം ചെയ്യലിന് ഹാജരാകാൻ ആവശ്യപ്പെട്ടുള്ള എൻഫോഴ്സ്മെൻറെ ഡയറക്ടറേറ്റിന്റെ

നോട്ടീസിന് മറുപടി നല്കിയതായി കെ.രാധാകൃഷ്ണൻ എം.പി. പാർലമെൻറ് സമ്മേളനം നടക്കുന്നതിനാൽ ഹാജരാകാൻ സാധിക്കില്ലെന്നും അതിന് ശേഷം ഹാജരായി തെളിവുകൾ നല്കാമെന്നും മറുപടി കത്തിൽ പറഞ്ഞിട്ടുള്ളതായും എം.പി തൃശൂരിൽ പറഞ്ഞു.

**************************************************

## പി പ്രസാദ്

ലോകത്തെ മുഴുവൻ ജനങ്ങൾക്കും ഭക്ഷണം എന്നത് ഒഴിച്ചുകൂടാനാവാത്തതാണെന്നും 95 ശതമാനം ഭക്ഷണവും കൃഷി ചെയ്ത് ഉദ്പാദിപ്പിക്കപ്പെടുന്നതാണെന്നും കൃഷിമന്ത്രി പി പ്രസാദ്. നേമം കൃഷി ഭവൻറെ കൃഷി സമൃദ്ധി വിവര ശേഖരണവും ഫ്രൂട്ട് ട്രീ ടാഗിങ്ങും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

**************************************************

## കഞ്ചാവ് - ഓൺലൈൻ

സമൂഹ മാധ്യമം വഴി മിഠായി രൂപത്തിൽ മയക്കു മരുന്നിൻറെയും ലഹരിയുടെയും വിൽപ്പന നടത്തുന്ന വിദ്യാർത്ഥിയെ സുൽത്താൻ ബത്തേരി പോലീസ് പിടികൂടി. ഓൺലൈൻ വഴി വാങ്ങുന്ന ലഹരി മിഠായികൾ സ്കൂൾ വിദ്യാർഥികൾക്കിടയിൽ വിൽക്കുമ്പോഴാണ് ഇയാൾ പിടിയിലായത്.

**************************************************

## സ്വർണ വില

സ്വർണ വില ഉയർന്നു. സ്വർണം ഗ്രാമിന് 110 രൂപ വർധിച്ച് 8,230 രൂപയും , പവന് 880 രൂപ ഉയർന്ന് 65,840 രൂപയുമാണ് ഇന്നത്തെ വില.

**************************************************

## നവീൻ ബാബു

എഡിഎം നവീൻ ബാബുവിന്റെ ദുരൂഹ മരണം സിബിഐ അന്വേഷിക്കണമെന്നാവശ്യപ്പെട്ട് കോൺഗ്രസ് നേതൃത്വം നടത്തുന്ന ഉപവാസ സത്യഗ്രഹ സമരം പത്തനംതിട്ട ടൗൺ സ്ക്വയറിൽ

പുരോഗമിക്കുന്നു. കെ.പി.സി.സി രാഷ്ട്രീയകാര്യ സമിതി അംഗം പി.ജെ. കുര്യൻ ഉദ്ഘാടനം ചെയ്തു.

*************************************

## കഞ്ചാവ് - കോട്ടയം

കോട്ടയം ചങ്ങനാശ്ശേരിയിൽ നിന്നും 1.41 കിലോഗ്രാം കഞ്ചാവുമായി ആസാം സ്വദേശി പിടിയിൽ. ആസാമിലെ ദീമാംജി സ്വദേശി 35 കാരനായ അസിം ചങ്മയ് ആണ് അറസ്റ്റിലായത്.

*************************************

## എം ഷാജർ

സംസ്ഥാനത്ത് തൊഴിൽ, വിസ തട്ടിപ്പുകൾ വർധിച്ച് വരുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസത്തിനും തൊഴിലിനുമായി വിദേശത്ത് പോകുന്നവർ ജാഗ്രത പുലർത്തണമെന്ന് യുവജന കമ്മീഷൻ ചെയർമാൻ എം ഷാജർ. കണ്ണൂരിൽ യുവജന കമ്മീഷൻ മെഗാ അദാലത്തിന് ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. പണം മുടക്കുന്നതിന് മുമ്പ് ഏജൻസിയെക്കുറിച്ചും വിദ്യാഭ്യാസ സ്ഥാപനങ്ങളെ ക്കുറിച്ചും ഗൗരവമായി അന്വേഷിക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

ഠ*************************************

## ടെക്നിക്കൽ ഹൈസ്കൂൾ പ്രവേശനം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിലായി പ്രവർത്തിച്ചുവരുന്ന 39 ടെക്നിക്കൽ ഹൈസ്ക്കൂളുകളിലേക്ക് അടുത്ത അധ്യയന വർഷത്തേക്കുള്ള ഓൺലൈൻ പ്രവേശന നടപടികൾ ഇന്ന് ആരംഭിക്കും. എട്ടാം ക്ലാസിലേക്കാണ് പ്രവേശനം. അപേക്ഷ ഏപ്രിൽ 8 വരെ സമർപ്പിക്കാം. അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ സംവരണ മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും തിരഞ്ഞെടുപ്പ്.

***************************************************************************************************************